# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 29

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### ജില്ലാ വികസന സമിതി യോഗം
## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം: അഞ്ച് സ്കൂളുകളുടെ പ്രവൃത്തി ആഗസ്റ്റിൽ പൂർത്തിയാവും

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന മൂന്ന് സ്കൂളുകളുടെയും ഹൈടെക് ആയി ഉയർത്തുന്ന രണ്ട് സ്കൂളുകളുടെയും പ്രവൃത്തി ആഗസ്റ്റ് മാസത്തോടെ പൂർത്തിയാവുമെന്ന് കോ ഓർഡിനേറ്റർ ജില്ലാ വികസന സമിതി യോഗത്തെ അറിയിച്ചു. കിഫ്ബി ഫണ്ടിൽനിന്ന് അഞ്ച് കോടി രൂപ ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന ജി.എച്ച്.എസ്.എസ് കരൂപ്പടന്ന, ജി.എം.ബി.എച്ച്.എസ്.എസ് തൃശൂർ, ജി.എച്ച്.എസ്.എസ് ചെറുതുരുത്തി എന്നീ സ്കൂളുകളുടെയും മൂന്ന് കോടി രൂപ ചെലവിൽ ഹൈടെക് ആയി ഉയർത്തുന്ന ജി.എച്ച്.എസ്.എസ് പഴഞ്ഞി, ജി.എച്ച്.എസ്.എസ് ചെമ്പൂച്ചിറ എന്നീ സ്കൂളുകളുടെയും പ്രവൃത്തിയാണ് ആഗസ്റ്റിൽ പൂർത്തീകരിക്കുക. ഒരു കോടി രൂപ വീതം പ്ലാൻ ഫണ്ടിൽനിന്ന് ചെലവഴിച്ച് 31 സ്കൂളുകളും നവീകരിക്കുന്നുണ്ട്. ഇതിൽ രണ്ട് സ് കൂളുകളിൽ പ്രവൃത്തി പൂർത്തീകരിച്ചു. 27 സ്കൂളുകളുടെ പ്രവൃത്തി നടക്കുന്നു. രണ്ട് സ് കൂളുകളുടെ പ്രവൃത്തി തുടങ്ങാനുണ്ടെന്നും അറിയിച്ചു.

എം.ബി മുസിരിസ് ജങ്കാർ സർവീസ് നടത്തിവരുന്ന അഴീക്കോട് മുനമ്പം കടവുകളിൽ ബൊള്ളാർഡ് പോൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തിയുടെ 46,80,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി മുഴുവൻ തുകയും ഹാർബർ എൻജിനീയറിംഗ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ കൈമാറിയതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ജങ്കാർ സർവീസ് പുനരാരംഭിക്കാനും ജനങ്ങളുടെ യാത്രാദുരിതം അവസാനിപ്പിക്കാനും ആവശ്യമായ എല്ലാ നിയമാനുസൃത നടപടിയും പൂർത്തിയാക്കിയതായും സെക്രട്ടറി അറിയിച്ചു. ഇവിടെ താൽക്കാലിക സർവീസ് നടത്തുന്ന ബോട്ടിന്റെ ഫിറ്റ്നസ് ഉറപ്പുവരുത്തണമെന്ന് ടൈസൺ മാസ്റ്റർ എം.എൽ.എ ആവശ്യപ്പെട്ടു.

തൃശൂർ സിറ്റി പോലീസിന്റെ പരിധിയിലുള്ള ട്രാഫിക് സിഗ്നലുകൾ അറ്റകുറ്റപ്പണി നടത്താമെന്ന് കെൽട്രോൺ അറിയിച്ചതായി ജില്ലാ പോലീസ് മേധാവി അറിയിച്ചു. ചെറുതുരുത്തി പോലീസ് സ്റ്റേഷനു മുന്നിൽ പിടിച്ചിട്ടിരിക്കുന്ന 150ഓളം വാഹനങ്ങൾ തൃശൂർ എ.ആർ ക്യാമ്പിലേക്ക് മാറ്റിയിട്ടുണ്ടെന്നും ശേഷിക്കുന്നവ അടിയന്തിരമായി മാറ്റാൻ നടപടി സ്വീകരിച്ചുവരുന്നതായും പോലീസ് മേധാവി അറിയിച്ചു. എംപി ഫണ്ട്, എംഎൽഎ ഫണ്ട്, പ്ലാൻ ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയുടെ പുരോഗതി യോഗത്തിൽ അവലോകനം ചെയ്തു. യോഗത്തിൽ ജില്ലാ കളക്ടർ ടി.വി. അനുപമ അധ്യക്ഷത വഹിച്ചു. എം.എൽ.എമാരായ ഇ.ടി. ടൈസൺ മാസ്റ്റർ, കെ. രാജൻ, തൃശൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ ടി.ആർ മായ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. സ്ഥാനമൊഴിയുന്ന കളക്ടർ ടി.വി. അനുപമയ്ക്ക് ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ ഉപഹാരം നൽകി.

## ഓർമമരവും സർട്ടിഫിക്കറ്റും സമ്മാനമായി

## നൽകി വിജയോത്സവം 2019

ഓർമമരവും സർട്ടിഫിക്കറ്റും സമ്മാനമായി നൽകി വിജയോത്സവം 2019 കൃഷിവകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. തൃശൂർ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ നിന്ന് എസ്എസ്എൽസി, ഹയർ സെക്കണ്ടറി, വിഎച്ച്എസ്ഇ വിഭാഗങ്ങളിൽ എല്ലാ വിഷയങ്ങളിലും എപ്ലസ് ലഭിച്ച വിദ്യാർത്ഥികളെയും ഹയർ സെക്കണ്ടറി വിഭാഗത്തിൽ മുഴുവൻ മാർക്ക് ലഭിച്ച വിദ്യാർത്ഥികളെയും നൂറ് ശതമാനം വിജയം കൈവരിച്ച വിദ്യാലയങ്ങളെയും എൽഎസ്എസ്, യുഎസ്എസ് സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളെയും മന്ത്രി അനുമോദിച്ചു. 2018-19 അക്കാദമിക വർഷം നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ പിന്നിട്ട വർഷങ്ങളേക്കാൾ വലിയ അക്കാദമിക മുന്നേറ്റമാണ് ഉണ്ടായത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തിരുവമ്പാടി ദേവസ്വം നന്ദനം ഹാളിൽ നടന്ന ചടങ്ങിൽ മേയർ അജിത വിജയൻ അധ്യക്ഷത വഹിച്ചു. ഇരുനൂറിലധികം വിദ്യാർത്ഥികൾക്കാണ് അവാർഡ് സമ്മാനിച്ചത്. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു, തൃശൂർ സിറ്റി പോലീസ് മേധാവി യതീഷ് ചന്ദ്ര, പ്രശസ്ത സിനിമതാരം ടൊവിനോ തോമസ് എന്നിവർ മുഖ്യാതിഥികളായി. കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ പി റാഫി ജോസ്, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലാലി ജെയിംസ്, ജില്ലാ ആസൂത്രണസമിതിയംഗം വർഗ്ഗീസ് കണ്ടംകുളത്തി, ഡിഇഒ എ കെ സുലോചന, വിവിധ രാഷ്ട്രീയ പ്രതിനിധികൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## വിദ്യാഭ്യാസത്തിൽ സർക്കാരിന് ലാഭക്കണ്ണില്ല; സ്കൂളുകൾ അടച്ചുപൂട്ടില്ല: മന്ത്രി എ സി മൊയ്തീൻ

പൊതുവിദ്യാഭ്യാസത്തെ സംസ്ഥാന സർക്കാർ ലാഭക്കണ്ണുക്കൊണ്ട് കാണുകയില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ. കുന്നംകുളം നിയോജക മണ്ഡലത്തിലെ വിജയോത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിലെ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്നതിലും സ്കൂളുകളെ സംരക്ഷിച്ചു നിർത്തുന്നതിലും സർക്കാർ ഇനിയും ശ്രദ്ധ ചെലുത്തും. വളരുന്ന തലമുറയ്ക്ക് അറിവു പ്രദാനം ചെയ്യുന്നതിനായി സമൂഹത്തെ ഇതിലേക്ക് കൂടുതൽ ആകർഷിക്കാനാണ് സർക്കാർ ശ്രദ്ധ ചെലുത്തുക. ഒരു വിദ്യാഭ്യസ സ്ഥാപനവും അടച്ചു പൂട്ടാൻ സർക്കാർ അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കിഫ് ബി യിലൂടെ 6000 കോടി രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്. വിദ്യാർത്ഥികളെ ലഹരിക്കടിപ്പെടാതെ സംരക്ഷിച്ചു നിർത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ പരിസരത്തെ കടകളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ കടകൾ അടച്ചു പൂട്ടും. ഇത്തരം കാര്യങ്ങൾക്ക് പ്രത്യേക സ്ക്വാഡ് പ്രവർത്തനം സംസ്ഥാന തലത്തിൽ വിപുലപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

കുന്നംകുളം നിയോജക മണ്ഡലത്തിലെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജമാക്കാൻ 2.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുന്നംകുളം ഗവ. ബോയ്സ് ഹൈസ്കൂളിൽ സ്കിൽ പാർക്ക് നിർമ്മിക്കാൻ 10 കോടി അനുവദിക്കുമെന്നും മന്ത്രി അറിയിച്ചു. തുടർന്ന് കുന്നംകുളം നിയോജക മണ്ഡലത്തിലെ എസ് എസ് എൽ സി, പ്ളസ് ടു ഉന്നത വിജയികൾക്ക് മന്ത്രി പുരസ്കാരങ്ങൾ നൽകി. കുന്നംകുളം നഗരസഭ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ അധ്യക്ഷയായി. വൈസ് ചെയർമാൻ പി എം സുരേഷ്, ചൊവന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എ വി സുമതി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എസ് ബസന്ത് ലാൽ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എം പത്മിനി, പഞ്ചായത്തു പ്രസിഡന്റുമാരായ കെ.കെ സതീശൻ, ഓമന ബാബു, രമണി വിജയൻ, ഷേർളി ദിലീപ് എന്നിവർ പങ്കെടുത്തു. ചാവക്കാട് വിദ്യാഭ്യാസ ജില്ല ഡിഇഒ ഷറഫുന്നീസ സ്വാഗതവും കുന്നംകുളം വിദ്യാദ്യാസ ഉപജില്ല എ ഇ ഒ സച്ചിദാനന്ദൻ നന്ദിയും പറഞ്ഞു.

## തൃശൂരിന് അഭിമാനമായി നവീകരിച്ച അക്വാട്ടിക് കോംപ്ലക്സ്; ഉദ്ഘാടനം ഇന്ന് (ജൂൺ 30)

തൃശൂരിന്റെ ഹൃദയഭാഗത്തായി 6.69 കോടി രൂപ ചെലവഴിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തിയ നീന്തൽക്കുള സമുച്ചയം വ്യവസായ-കായിക വകുപ്പ് മന്ത്രി ഇ പി ജയരാജൻ ഇന്ന് (ജൂൺ 30) ഉദ്ഘാടനം ചെയ്യുന്നു. ഈ നീന്തൽസമുച്ചയത്തിലെ പ്രധാന നീന്തൽക്കുളം, നവീകരിച്ച ഹോസ്റ്റൽ റൂം, മറ്റ് അനുബന്ധ കെട്ടിടങ്ങൾ എന്നിവ ആധുനിക രീതിയിലാണ് പൂർത്തീകരിച്ചത്. പുറമേ അത്യാധുനിക രീതിയിലുള്ള ഫിൽട്ടറേഷൻ സിസ്റ്റം, സ്റ്റാർട്ടിങ് ബ്ലോക്കുകൾ, പൂൾ ലാഡറുകൾ, ഡൈവിങ് ബോർഡുകൾ, ഫ്ളഡ്ലൈറ്റ് സിസ്റ്റം, വാട്ടർ ലൈറ്റിങ് സിസ്റ്റം എന്നിവ അന്താരാഷ്ട്ര മത്സരങ്ങൾ ഉൾപ്പെടെയുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് പര്യാപ്തമായ രീതിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്. ഇതിനുപുറമേ അക്വാട്ടിക് കോംപ്ലക്സിലെ ബാസ്ക്കറ്റ് ബോൾ, വോളി ബോൾ കോർട്ടുകളും നവീകരിച്ചു. നീന്തൽ പഠനത്തിന് മാത്രമായി 27 കായികതാരങ്ങൾ താമസിക്കുന്ന ഹോസ്റ്റൽ മുറികളും നവീകരിച്ചു. 1987ൽ കേരളത്തിൽ നടന്ന ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ചതാണ് ഈ നീന്തൽക്കുളം.

സംസ്ഥാന സർക്കാർ കായിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കിഫ്ബി പദ്ധതിയുടെ ഭാഗമായി 900 കോടി രൂപ മുടക്കി ദേശീയ, അന്തർദേശീയ നിലവാരമുള്ള ഇൻഡോർ സ്റ്റേഡിയങ്ങൾ, അക്വാട്ടിക് കോംപ്ലക്സുകൾ, സിന്തറ്റിക് ട്രാക്കുകൾ, ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, വോളിബോൾ കോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിന്റെയും നിലവിലെ സ്റ്റേഡിയങ്ങൾ അത്യാധുനിക സൗകര്യങ്ങളോടെ നവീകരിക്കുന്നതിന്റെയും ഭാഗമായാണ് ഈ പദ്ധതി.

സ്കൂൾ കുട്ടികളെ ലക്ഷ്യമാക്കി കായിക യുവജനകാര്യവകുപ്പ് സംഘടിപ്പിക്കുന്ന അതിജീവന നീന്തൽ പരിശീലന പദ്ധതിയായ സ്പ്ലാഷ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി ഇ പി ജയരാജൻ നിർവഹിക്കും.

ഉദ്ഘാടന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അദ്ധ്യക്ഷത വഹിക്കും. നവീകരിച്ച ഹോസ്റ്റൽ ബ്ലോക്ക് ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവഹിക്കും.

# നാഷണൽ ലോക് അദാലത്ത് ജൂലൈ 13 ന്

കേരള ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നാഷണൽ ലോക് അദാലത്ത് ജൂലൈ 13 ന് രാവിലെ 10 മുതൽ അയ്യന്തോൾ സിവിൽ സ്റ്റേഷന്റെ സമീപമുള്ള കോടതി സമുച്ചയത്തിൽ സംഘടിപ്പിക്കുന്നു. എല്ലാ പരാതികളും തർക്കങ്ങളും അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി ഓഫീസിൽ ജൂലൈ അഞ്ചിനകം നൽകണം. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി അറിയിച്ചു. ഫോൺ : 0487-2363770.

# ലോകായുക്ത സിറ്റിങ്

കേരള ലോകായുക്തയുടെ സിറ്റിങ് ജൂലൈ എട്ട്, ഒൻപത്, പത്ത് തീയതികളിൽ തൃശൂർ ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും. പ്രസ്തുത ദിവസങ്ങളിൽ നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതി സ്വീകരിക്കുമെന്ന് രജിസ്ട്രാർ അറിയിച്ചു.

# വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസം സെപ്റ്റംബർ 15 ന്: കച്ചവടക്കാർക്ക് കൊടുങ്ങല്ലൂർ നഗരസഭ വക ബങ്കും

കൊടുങ്ങല്ലൂരിൽ വടക്കേനടയിലുള്ള വഴിയോരക്കച്ചവടക്കാർക്ക് പുനരധിവാസം. കച്ചവടക്കാർക്ക് കച്ചവടത്തിന് നിശ്ചിത സ്ഥലം നൽകുന്നത് കൂടാതെ ഒരു ബങ്ക് കൂടി നഗരസഭ നിർമ്മിച്ചു നൽകും. കച്ചവടക്കാരുടെ പുനരധിവാസം സംബന്ധിച്ച് നേരത്തെ നിശ്ചയിച്ച തീരുമാനപ്രകാരമാണ് നടപടി. സെപ്റ്റംബർ 15ന് മുമ്പ് നഗരസഭയുടെ കാവിൽക്കടവിലുള്ള മാർക്കറ്റ് കോംപ്ലക്സ് പരിസരത്തേക്ക് ഇവരെ സഹായവും നഗരസഭ നൽകും. ചുരുങ്ങിയ സ്ഥലപരിധിയിൽ ഏകീകൃത രൂപത്തിൽ കച്ചവടക്കാർക്കുള്ള പശ്ചാത്തല സൗകര്യമാണ് നഗരസഭ

ഒരുക്കുന്നത്. കച്ചവടക്കാരെ ഇവിടെ നിന്നും ഒഴിപ്പിക്കുന്നതിന് ദേശീയപാത അധികൃതർ നേരത്തെ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് നഗരസഭയിൽ നിന്ന് രജിസ്ട്രേഷൻ കാർഡ് കിട്ടിയ 14 കച്ചവടക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഹർജിയിൽ കച്ചവടക്കാർ അവിടെ നിന്നും മാറണമെന്ന ആവശ്യം ഹൈക്കോടതി അംഗീകരിച്ചെങ്കിലും കച്ചവടക്കാരെ ഒഴിപ്പിച്ചു വിടുന്നതിന് പകരം പുനരധിവസിപ്പിക്കണം എന്ന തെരുവുകച്ചവട നിയമത്തിലെ വ്യവസ്ഥ പാലിക്കുവാൻ നഗരസഭയോട് ആവശ്യപ്പെടുകയാണുണ്ടായത്. ഇതുപ്രകാരം നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ വിളിച്ചു ചേർത്ത വഴിയോര കച്ചവടക്കാരുടെ യോഗത്തിലാണ് ഈ തീരുമാനം. എന്നാൽ വടക്കെ നടയിൽ പ്രവർത്തിക്കുന്ന കാർഡ് ലഭിക്കാത്ത തെരുവ് കച്ചവടക്കാരെ അവിടെ നിന്ന് ഒഴിപ്പിക്കും. കൂടാതെ നഗരത്തിൽ പുതിയതായി തെരുവ് കച്ചവടക്കാരെയും അനുവദിക്കില്ല. നേരത്തെ നഗരസഭ കൗൺസിലും പിന്നീട് തെരുവ് കച്ചവടക്കാരുടെ കമ്മിറ്റിയും ഈ കാര്യത്തിൽ ഐകകണ്ഠ്യേന തീരുമാനമെടുത്തിരുന്നു. തുടർന്ന് യോഗം വിളിച്ചു ചേർക്കുകയായിരുന്നു. യോഗത്തിൽ ചെയർമാൻ കെ. ആർ. ജൈത്രൻ അദ്ധ്യക്ഷത വഹിച്ചു. നഗരസഭ സെക്രട്ടറി ടി.കെ -സുജിത്, നഗര ഉപജീവന മിഷൻ മാനേജർ മിനി ആന്റണി, ഹെൽത്ത് സൂപ്പർവൈസർ കെ.വി ഗോപാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

## താൽക്കാലിക നിയമനം

വടക്കാഞ്ചേരി ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങിൽ ഇൻസ്ട്രക്ടർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. എഫ്ഡിജിറ്റി യോഗ്യതയുള്ളവർ ജൂലൈ പത്ത് രാവിലെ 10.30 ന് അസ്സൽ സർട്ടിഫിക്കറ്റ് സഹിതം തൃശൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2333460.

## അപേക്ഷ ക്ഷണിച്ചു

പത്തനംതിട്ട ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിൽ ട്രഡീഷണൽ ആർക്കിടെക്ചറിൽ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, പിജി ഡിപ്ലോമയ്ക്കും ചുമർചിത്രകലയിലും മ്യൂറൽ പെയിന്റിങ്ങിലും സർട്ടിഫിക്കറ്റ് കോഴ്സിനും അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോമും വിശദവിവരങ്ങളും എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15. ഫോൺ : 0468-2319740, 9847053293.

## കരാർ നിയമനം

പീച്ചി കേരള വനഗവേഷണ സ്ഥാപനത്തിൽ പ്രോജക്ട് അസിസ്റ്റന്റ്, പ്രോജക്ട് ഫെല്ലോ എന്നീ തസ്തികളിൽ കരാർ നിയമനം നടത്തുന്നു. ബിരുദവും ജേണലിസം ഡിപ്ലോമയുമാണ് പ്രോജക്ട് അസിസ്റ്റന്റിന്റെ യോഗ്യത. ബോട്ടണി, മൈക്രോബയോളജി, ബയോടെക്നോളജി, പ്ലാന്റ്സയൻസ്, ഫോറസ്ട്രി, ഇക്കോളജി, ജിയോളജി, എൻവയോൺമെന്റൽ സയൻസ്, ജിയോഗ്രാഫി, ജിയോഇൻഫർമാറ്റിക്സ്, ജിഐഎസ് റിമോട്ട് സെൻസിങ്ങ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് പ്രോജക്ട് ഫെല്ലോയുടെ യോഗ്യത. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം രാവിലെ 10 ന് പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. പ്രോജക്ട് ഫെല്ലോയുടെ അഭിമുഖം ജൂലൈ എട്ട്, ഒൻപത്, പത്ത് തീയതികളിലും പ്രോജക്ട് അസിസ്റ്റന്റിന്റെ അഭിമുഖം ജൂലൈ 15 നുമാണ്. വിശദവിവരങ്ങൾ www.kfri.res.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ : 0487-2690100.

## സൗജന്യ പച്ചക്കറി വിത്ത് വിതരണം

അഷ്ടമിച്ചിറ സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഓണത്തിന് വിഷരഹിത പച്ചക്കറി എന്ന ലക്ഷ്യവുമായി പച്ചക്കറി വിത്തും ജൈവവള വിതരണവും നടന്നു. വിതരണോദ്ഘാടനം അഡ്വ. വി ആർ സുനിൽ കുമാർ എംഎൽഎ നിർവഹിച്ചു. ഡയറക്ടർ

ബോർഡ് അംഗം വി. എം. ചന്ദ്രബോസ് അധ്യക്ഷത വഹിച്ചു. ഏഴിനം പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്തു. മാള പഞ്ചായത്ത് പ്രസിഡന്റ് പി കെ സുകുമാരൻ, സഹകരണ ബാങ്ക് പ്രസിഡന്റ് പി കെ വിജയൻ, ഡയറക്ടർ ബോർഡ് അംഗം ടി കെ ശിവജി തുടങ്ങിയവർ പങ്കെടുത്തു.

## സംരംഭങ്ങൾ ആരംഭിക്കാം

അഖിലേന്ത്യാ ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി തൊഴിൽദായക പദ്ധതിപ്രകാരം 2019-20 സാമ്പത്തികവർഷത്തേക്ക് ഗ്രാമീണ മേഖലയിലെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംരംഭകർക്ക് 35 ശതമാനം വരെ സബ്സിഡി ലഭിക്കും. e-portal ഓൺലൈൻ വഴി അപേക്ഷിക്കണം. ഓൺലൈൻ അപേക്ഷയുടെ ഹാർഡ് കോപ്പി തൃശൂർ ജില്ലാ ഖാദി വ്യവസായ ഓഫീസിൽ നൽകണം. ഫോൺ : 0487-2338699.

## ഭാഗ്യക്കുറി ടിക്കറ്റ്: ബോധവൽക്കരണം

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വ്യാജ സമ്മാന ടിക്കറ്റുകൾ ഹാജരാക്കി ഭാഗ്യക്കുറി ഏജന്റുമാരേയും വിൽപ്പനക്കാരേയും സാമ്പത്തികമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ഏജന്റുമാർക്കും വിൽപനക്കാർക്കുമായി പരിശീലന പരിപാടി ചാവക്കാട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ നടന്നു. ഭാഗ്യക്കുറി ക്ഷേമനിധി ബോർഡംഗം എം കെ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ എസ് ഷാഹിത ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. ചാവക്കാട് ഭാഗ്യക്കുറി സബ് ഓഫീസ് ജൂനിയർ സൂപ്രണ്ട് സി ആർ ജോസഫ് സ്വാഗതവും ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ ക്ലർക്ക് രേഷ്മ നന്ദിയും പറഞ്ഞു.

## പകർച്ച വ്യാധികൾക്കെതിരെ ജാഗ്രത പുലർത്തണം: ഡി എം ഒ

ഇടവിട്ട് കാണപ്പെടുന്ന വെയിലും, മഴയും സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ ജെ റീന അറിയിച്ചു. മഴക്കാലത്ത് പനിയും, വയറിളക്ക രോഗങ്ങളുമാണ് കൂടുതലായി കാണപ്പെടുന്നത്. വയറിളക്കം പിടിപെട്ടാൽ ആരംഭത്തിൽ തന്നെ പാനീയ ചികിത്സ തുടങ്ങുന്നത് വഴി രോഗം ഗുരുതരമാകാതെ തടയാം. ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻവെള്ളം, ഒ.ആർ.എസ് എന്നിവ ഇതിനായി ഉപയോഗിക്കാം. ആഹാരം കഴിക്കുന്നതിനു മുൻപും, ശൗചാലയം ഉപയോഗിച്ചതിന് ശേഷവും സോപ്പ് ഉപയോഗിച്ച് കൈകൾ വൃത്തിയായി കഴുകണം. സാലഡുകൾ തയ്യാറാക്കുവാൻ ഉപയോഗിക്കുന്ന പച്ചക്കറികൾ ശുദ്ധജലത്തിൽ നന്നായി കഴുകിയതിനു ശേഷം മാത്രം ഉപയോഗിക്കുക. ആഹാരസാധനങ്ങളും മറ്റും ഈച്ച കയറാതെ അടച്ചു സൂക്ഷിക്കണം. ഹോട്ടലുകളും, ആഹാരം കൈകാര്യം ചെയ്യുന്ന മറ്റു സ്ഥാപനങ്ങളും ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കിണറുകളിൽ ക്ലോറിനേഷൻ നടത്തണം.

മഞ്ഞപ്പിത്തമാണ് മഴക്കാലത്ത് കാണപ്പെടുന്ന മറ്റൊരു രോഗം. കുളങ്ങളിൽ നിന്നുള്ള മലിന ജലത്തിലൂടെയും ഹോട്ടലുകളിലും വിവാഹസത്കാരങ്ങളിലും മറ്റും ശീതള പാനീയങ്ങളിൽ ഉപയോഗിക്കുന്ന കൊമേർഷ്യൽ ഐസിലൂടെയും സെപ്റ്റിക് ടാങ്കുകളിലെ ചോർച്ച മുഖേന കിണറുകളിലെ വെള്ളം മലിനമാകുന്നതിലൂടെയുമാണ് മഞ്ഞപ്പിത്തം പ്രധാനമായും പടർന്നു പിടിക്കുന്നത്. മഞ്ഞപ്പിത്തം അഥവാ ഹെപ്പറ്റൈറ്റിസ് എ എന്ന വൈറൽ രോഗം വരാതിരിക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം

തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, വൃത്തിയുള്ള ഭക്ഷണം കഴിക്കുക, മല മൂത്ര വിസർജ്ജനത്തിനു ശേഷം കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക, രോഗിയുമായുള്ള സമ്പർക്കം ഒഴിവാക്കുകയും വേണം.

അസുഖ ബാധിതർ ധാരാളം വെള്ളം കുടിക്കുകയും, കൊഴുപ്പില്ലാത്ത ഭക്ഷണം കഴിക്കുകയും വിശ്രമിക്കുകയും ചെയ്യണം. പ്രത്യേകിച്ച് ചികിത്സകളില്ലാത്ത ഈ അസുഖം വിശ്രമത്തിലൂടെ ഒന്നര മാസം കൊണ്ട് പൂർണ്ണമായും ഭേദമാകും. മഞ്ഞപ്പിത്തത്തിനെതിരെ പ്രതിരോധ കുത്തിവെയ്പ്പ് ലഭ്യമാണ്.

എച്ച്1 എൻ 1 ആണ് ജില്ലയിൽ കൂടുതലായി കാണപ്പെടുന്ന മറ്റൊരു രോഗം. എച്ച്1 എൻ1 വായുവിലൂടെ പകരുന്ന വൈറൽ പനിയാണ്. പനി, ജലദോഷം, ചുമ, തൊണ്ടവേദന, ശ്വാസതടസ്സം, എന്നിവ എച്ച്1 എൻ1 രോഗത്തിന്റെ ലക്ഷണമാകാം. തുടക്കത്തിൽ തന്നെ ചികിത്സിക്കുകയാണെങ്കിൽ പ്രശ്നം ഗുരുതരമാകാതെ ശ്രദ്ധിക്കാൻ സാധിക്കും. ഈ ലക്ഷണങ്ങൾ പ്രത്യേകിച്ച് ഗർഭിണികൾ, പ്രായമായവർ, ചെറിയ കുട്ടികൾ, മറ്റേതെങ്കിലും രോഗമുള്ളവർ തുടങ്ങിയവരിൽ കണ്ടാൽ ഒട്ടും വൈകാതെ ഉടൻ തന്നെ ആശുപത്രിയിൽ ചികിത്സ തേടണം. പലപ്പോഴും ഇങ്ങനെയുള്ള ലക്ഷണങ്ങൾ നിസ്സാരമായി തള്ളിക്കളയുകയും ചികിത്സ വൈകുകയും ചെയ്യുന്നതു കൊണ്ടാണ് അപകടാവസ്ഥയിൽ എത്തുന്നത്. ജില്ലയിലെ എല്ലാ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാണ്. രോഗബാധിതർ ഇളം ചൂടുള്ള കഞ്ഞി വെള്ളവും പാനീയങ്ങളും കുടിക്കുവാനും, പോഷക സമൃദ്ധമായ ആഹാരങ്ങൾ കഴിക്കുവാനും പൂർണ്ണ വിശ്രമമെടുക്കുവാനും ശ്രദ്ധിക്കണം. പരമാവധി വീടിനുള്ളിൽ തന്നെ കഴിയുകയും സ്കൂൾ,ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വിട്ടു നിൽക്കുകയും വേണം. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായ, മൂക്ക്, എന്നിവ തൂവാല കൊണ്ട് മറയ്ക്കുവാനും ശ്രദ്ധിക്കണം.

മഴയും, വെയിലും ഇട വിട്ട് വരുന്നത് കൊതുകു വളരുന്നതിനുള്ള അനുകൂല കാലാവസ്ഥയായതിനാലും ഇത് മൂലം കൊതുകു സാന്ദ്രത വർദ്ധിക്കുന്നതിന് കാരണമാകുന്നതിനാലും ഡെങ്കിപ്പനി കൂടുതൽ പടരുവാനുള്ള സാധ്യത വളരെയേറെയാണ്. കൃത്യമായ ആസൂത്രണത്തിലൂടെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളും, ഉറവിട നശീകരണപ്രവർത്തനങ്ങളും നടത്തിയതിന്റെ ഫലമായാണ് ജില്ലയിൽ ഡെങ്കിപ്പനി ഗണ്യമായി കുറക്കാൻ കഴിഞ്ഞത്.

ശുദ്ധജലത്തിൽ വളരുന്ന ഈഡിസ് കൊതുകുകൾ വഴിയാണ് ഈ രോഗം പകരുന്നത്. പെട്ടെന്നുണ്ടാകുന്ന തീവ്രമായ പനി, കടുത്ത തലവേദന, കണ്ണുകൾക്ക് പിന്നിലും പേശികളിലും സന്ധികളിലും വേദന,നെഞ്ചിലും മുഖത്തും ചുവന്ന തടിപ്പുകൾ, ഓക്കാനവും ഛർദിയും എന്നിവയാണ് ആരംഭത്തിൽ കാണുന്ന ലക്ഷണങ്ങൾ. രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ ഒഴിവാക്കി ഉടൻ തന്നെ ഡോക്ടറുടെ നിർദേശപ്രകാരം ചികിത്സ തേടേണ്ടതാണ്. രോഗം കുറഞ്ഞാലും രണ്ടാഴ്ചയോളം വിശ്രമിക്കുക്കുവാനും ധാരാളം വെള്ളം കുടിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

കൊതുക് വളരുന്ന മലിനമായ സാഹചര്യങ്ങൾ ഒഴിവാക്കുക,ചിരട്ടകൾ,കുപ്പികൾ,ടയറുകൾ ,കളിപ്പാട്ടങ്ങൾ തുടങ്ങിയവയിൽ വെള്ളം കെട്ടിനിൽക്കുന്ന രീതിയിൽ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക,വെള്ളം സംഭരിക്കുന്ന പാത്രങ്ങൾ കൊതുകുകൾ മുട്ടയിടാതിരിക്കാനായി കൊതുകു വലയോ ,തുണിയോ ഉപയോഗിച്ച് മൂടി വെക്കുക എന്നിവ ശ്രദ്ധിക്കണം. അലങ്കാര കുളങ്ങളിൽ ഗപ്പി, ഗംബൂസിയ തുടങ്ങിയ അലങ്കാര മത്സ്യങ്ങളെ വളർത്തുക,കക്കൂസിന്റെ വെന്റ് പൈപ്പുകൾ വലകൾ കൊണ്ട് കെട്ടിവയ്ക്കുക, കക്കൂസ് ടാങ്കിന്റെ സ്ലാബുകളിലെ വിടവുകൾ നികത്തുക, ഓടകളിലെ മാലിന്യങ്ങൾ നീക്കി വെള്ളം സുഗമമായി ഒഴുക്കിവിടുക തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങളാണ് രോഗം തടയുന്നതിനായി സ്വീകരിക്കേണ്ടത്. കൊതുകുകടിയേൽക്കാതിരിക്കാൻ കൊതുകുവല, ലേപനങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് സ്വയം സംരക്ഷിക്കുവാൻ ശ്രദ്ധിക്കണം.

കൊതുകുമൂലമുള്ള  പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനായി ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലയിലുടനീളം തുടർന്നുകൊണ്ടിരിക്കുകയാണ്. ഉറവിട നശീകരണ പ്രവർത്തനങ്ങൾ, പ്ലാന്റേഷൻ മേഖലകളിലെ പ്രത്യേക ക്യാമ്പയിൻ, ഡ്രൈഡേ പ്രവർത്തനങ്ങൾ, ഗൃഹസന്ദർശന ബോധവത്കരണപരിപാടികൾ, ഹോട്ടലുകൾ, ബേക്കറികൾ  തുടങ്ങിയവ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രത്യേക പരിശോധനകൾ എന്നീ വിവിധ പ്രവർത്തനങ്ങൾ  ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. ആരോഗ്യസേന രൂപീകരിച്ചുകൊണ്ടു  വാർഡ് തലങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കൂടെ സഹകരണത്തോടെ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ വിപുലമായി നടത്തിവരുന്നുണ്ട്.മാലിന്യ നിർമ്മാർജ്ജനത്തിലൂടെയും പരിസര ശുചിത്വത്തിലൂടെയും പകർച്ചവ്യാധികൾ  തടയുവാനുള്ള ഇത്തരം പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ  പൂർണ്ണസഹകരണം ഉറപ്പാക്കണമെന്നും സ്കൂളുകളിൽ വെള്ളിയാഴ്ച്ച തോറും, സ്ഥാപനങ്ങളിൽ ശനിയാഴ്ച്ചയും  ഞായറാഴ്ച്ചകളിൽ  വീടുകളിലും ശുചീകരണം നടത്തി നിർബന്ധമായും ഡ്രൈഡേ  ആചരിക്കണമെന്നും  ജില്ലാ മെഡിക്കൽ ഓഫീസർ  അഭ്യർത്ഥിച്ചു.

**തുടരും**